**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -4993 — 27.06.2019 ൽ മറുപടി നൽകേണ്ടത്

**പബ്ലിക് സർവ്വീസ് കമ്മീഷൻ അന്വേഷണ വിഭാഗത്തിലെ ജീവനക്കാർ**

| ചോദ്യം<br>ശ്രീ. പി.സി.ജോർജ്ജ് | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഹെഡ്ക്വാർട്ടേഴ്സിലെ അന്വേഷണ വിഭാഗം കമ്പ്യൂട്ടറൈസ് ചെയ്യുവാനും വിവരങ്ങൾ കൃത്യമായി ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; | എ) ഉദ്യോഗാർത്ഥികൾക്ക് വേണ്ട വിവരം നൽകുന്നതിനും അവരുടെ സംശയം ദൂരീകരിക്കുന്നതിനുമായി പ്രവർത്തിക്കുന്ന എൻക്വയറി വിഭാഗം കംപ്യൂട്ടറൈസ്ഡ് ചെയ്ത് കമ്മീഷനുമായി ബന്ധപ്പെട്ട എല്ലാ വിവരവും ഉദ്യോഗാർത്ഥികൾക്ക് കൃത്യമായി നൽകി വരുന്നുണ്ട്. |
| ബി) പി.എസ്.സി.യിലെ ഉദ്യോഗസ്ഥർക്ക് പബ്ലിക് റിലേഷൻസ് സംബന്ധിച്ച ട്രെയിനിംഗ് എറണാകുളത്ത് വച്ച് നല്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരെ അന്വേഷണ വിഭാഗത്തിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ പബ്ലിക് റിലേഷൻസ് സംബന്ധിച്ച് ട്രെയിനിംഗ് എറണാകുളത്ത് വച്ച് നൽകിയിട്ടുണ്ട്. ട്രെയിനിംഗ് ലഭിച്ച ഉദ്യോഗസ്ഥരെ അന്വേഷണ വിഭാഗത്തിൽ നിയമിച്ചിട്ടുണ്ട്. |
| സി) നിലവിൽ അന്വേഷണ വിഭാഗത്തിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ കൃത്യമായി വിവരം നൽകാത്തതും ഉദ്യോഗാർത്ഥികളോട് മോശമായി പെരുമാറുന്നതും സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; പരാതികളിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | സി) ഉണ്ട്; ഫോണിലൂടെയുള്ള അന്വേഷണങ്ങൾക്ക് പ്രതികരണം ഉണ്ടായില്ല എന്ന വിഷയത്തിൽ പരാതി ലഭിച്ചിരുന്നു. പരാതിക്കാരന് മറുപടി നൽകുകയും, പരാതികൾക്ക് ഇടനൽകാത്തവിധം പ്രവർത്തിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അന്വേഷണവിഭാഗത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ